LIBRARY ARCHIVES Kerala Legislative Assembly

കൈനകരിയിൽ ചാർജിംഗ് പോലീസ് സ്റ്റേഷൻ

64 [1539] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈനകരിയിൽ ഒരു ചാർജിംഗ് പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നറിയിക്കുമോ;

(ബി) (ഈ സർക്കാരിന്റെ കാലത്ത്) പ്രസ്തുത പോലീസ് സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കൈനകരിയിൽ ഒരു ചാർജിംഗ് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ചാരുംമൂട്ടിൽ സി. ഐ. ഓഫീസും മാങ്കാംകുഴിയിൽ പോലീസ് സ്റ്റേഷനും ആരംഭിക്കാൻ നടപടി

65 [1540] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ചാരുംമൂട് കേന്ദ്രീകരിച്ച് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും മാങ്കാംകുഴി കേന്ദ്രീകരിച്ച് വെട്ടിയാർ പോലീസ് സ്റ്റേഷനും ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) മാന്നാറിലും ചാരുംമൂട്ടിലും ഓരോ സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് വേണമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന നിർദ്ദേശം ചാരുംമൂട്ടിൽ മാത്രം നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) താരതമ്യേന കുറ്റകൃത്യങ്ങൾ കൂടുതലുള്ള പ്രദേശം എന്നത് പരിഗണിച്ച് ചാരുംമൂട്ടിൽ സി. ഐ. ഓഫീസും മാങ്കാംകുഴിയിൽ എസ്. ഐ. ഓഫീസും ആരംഭിക്കുന്നതിനു അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ മുതൽ ഇ വരെ) ചാരുംമൂട് കേന്ദ്രീകരിച്ച് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും വെട്ടിയാർ പോലീസ് സ്റ്റേഷനും ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ആയവ പരിശോധിച്ചുവരുന്നു.

തൊടിയൂർ ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ വീട്ടിൽ നടന്ന ഗുണ്ടാ ആക്രമണം

66 [1541] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തൊടിയൂർ ഗ്രാമപഞ്ചായത്ത് അംഗം അബ്ദുൽ അസീസിന്റെ വീട്ടിൽ ഗുണ്ടാസംഘം ആക്രമണം നടത്തിയതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ ആരൊക്കെയാണ് പ്രതികൾ എന്നറിയിക്കുമോ;

(സി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്;

(ഡി) ഏതൊക്കെ പ്രതികളെ അറസ്റ്റ് ചെയ്തു;

(ഇ) പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ ഉടൻ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാനാട് വടക്കതിൽ അസീസ്, മുജീബ് റഹ്മാൻ, ഫക്രുദീൻ, ഷിജു, ഷാജി എന്നിവരാണ് പ്രതികൾ.

(സി) 143, 147, 148, 452, 254(ബി), 506 (11), 427 ആന്റ് ആർ/ഡബ്ല്യൂ 149 ഐ. പി. സി. വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്.

(ഡി) മുജീബ് റഹ്മാനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികൾ ഒളിവിലാണ്.

(ഇ) ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly